ഇപ്രകാരം ശേഖരിക്കുന്ന സ്വീവേജ് കരയിലെത്തിച്ച് ശാസ്ത്രീയമായ ശുദ്ധീകരണ സംവിധാനം വഴി സംസ്കരിക്കരിക്കേണ്ടതുമാണ്. ഇതിനായി കരയിൽ സ്വന്തമായി സ്വീവേജ് സംസ്കരണ സംവിധാനം ഏർപ്പെടുത്തുകയോ പൊതു മലിനജല ശുദ്ധീകരണ സംവിധാനം വഴി സംസ്കരിക്കുകയോ ചെയ്യേണ്ടതുണ്ട്. ഗാർബേജ് മാലിന്യം ഹൗസ്ബോട്ടിൽതന്നെ ശേഖരിച്ച് കരയിൽ നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്. വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിൽ കുമരകത്ത് ഹൗസ്ബോട്ടുകളിൽ നിന്നുള്ള സ്വീവേജ് സംസ്കരിക്കുന്നതിനായി ഒരു പൊതു മലിനജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി 180 KLD ശേഷിയുള്ള ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നീലംപേരൂർ പഞ്ചായത്തിലെ കുന്നുമ്മ വില്ലേജിൽ സ്ഥാപിച്ചിട്ടുണ്ട്. സ്വീവേജ് മാലിന്യം കരയിലെ സ്വന്തമായ സ്വീവേജ് സംസ്കരണ സംവിധാനം വഴിയോ പൊതു മലിനജല ശുദ്ധീകരണ സംവിധാനം വഴിയോ സംസ്കരിക്കുകയും ചെയ്യുന്ന ഹൗസ് ബോട്ടുകൾക്കുമാത്രമേ അനുമതി പുതുക്കി നൽകുന്നുള്ളൂ.

കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതി

205 (4491) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ നടപ്പാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വില്യാപ്പള്ളി പഞ്ചായത്തിലെ മെട്ടേമ്മൽ മലയിൽ ശുദ്ധജല വിതരണ പദ്ധതി, കുറ്റ്യാടി ശുദ്ധജലവിതരണ പദ്ധതി എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മെട്ടേമ്മൽ മലയിലെ ശുദ്ധജല വിതരണ പദ്ധതിയുടെ പമ്പ് സെറ്റ് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്നതൊഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു. പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള ദർഘാസ് 17-12-2014 - ലേക്ക് ക്ഷണിച്ചിട്ടുണ്ട്. കുറ്റ്യാടി ശുദ്ധജല വിതരണ പദ്ധതിയുടെ പ്രധാന ഘടകങ്ങളായ ശുദ്ധീകരണശാല, കിണർ നവീകരണം, റോ വാട്ടർ പമ്പിംഗ് മെയിൻ, സംഭരണികൾ എന്നിവയുടെ പണികൾ പൂർത്തിയായി. ട്രാൻസ്ഫോർമർ പണി നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly